പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1532 — 03.10.2016 -ൽ മറുപടിക്ക്

## റേഷൻകടകളിലെ സാധനങ്ങൾ കരിച്ചന്തയിൽ വിറ്റഴിക്കുന്നത് തടയുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ പൊതു വിതരണ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ കൃത്യമായ അളവിലല്ല കൊടുക്കുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | റേഷൻകടകളിലൂടെ വിതരണം ചെയ്യേണ്ട സാധനങ്ങൾ കരിച്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് തടയുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | റേഷൻകടകളിലൂടെ വിതരണം ചെയ്യേണ്ട സാധനങ്ങൾ കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് തടയുന്നതിനായി റേഷൻ സാധനങ്ങളുടെ സ്റ്റോക്ക്, വിതരണത്തോത്, വിലവിവരം എന്നിവ പൊതുജനങ്ങൾക്ക് കാണത്തക്ക വിധം പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ പൊതു വിതരണ കേന്ദ്രങ്ങളിലും ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസുകളുടെ ഡിസ് പ്ലേ ഉപഭോക്താക്കൾ കാണത്തക്ക വിധം ക്രമീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ് സൈറ്റിലൂടെയും എല്ലാ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പ്രതിമാസ വിതരണത്തോത് മാസാദ്യത്തിൽ തന്നെ പ്രസിദ്ധീകരിച്ചു വരുന്നു. ഈ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെട്ടുന്നുണ്ടോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1966 ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരവും 1968 ലെ കേരള കെറസിൻ കൺട്രോൾ ഉത്തരവ് പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ